**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 407** **20-03-2025 - ൽ മറുപടിയ്ക്ക്**

**'മൈസ്' ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള ടൂറിസത്തിന്റെ വിവിധ മേഖലകളിലെ പുരോഗതിക്കനുസരിച്ച് സഞ്ചാരികളെ ഉൾക്കൊള്ളാനും തൃപ്തിപ്പെടുത്താനും കഴിയുംവിധം ഹോട്ടൽ ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവിന് അനുസരിച്ച് ഹോസ്പിറ്റാലിറ്റി സൗകര്യങ്ങൾ ഒരുക്കുവാൻ ടൂറിസം വകുപ്പ് മുൻകൈ എടുക്കുന്നുണ്ട്. സ്വകാര്യ പങ്കാളിത്തം കൂടി ഉപയോഗപ്പെടുത്തിയ ഹോസ്പിറ്റാലിറ്റി സൗകര്യങ്ങൾ സംസ്ഥാനത്ത് വർദ്ധിപ്പിക്കുകയാണ് വകുപ്പിന്റെ ലക്ഷ്യം. സർക്കാർ മേഖലയിൽ ടൂറിസം വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.ടി.ഡി.സി യുടെ നേതൃത്വത്തിലാണ് ഹോസ്പിറ്റാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നത്. കെ.ടി.ഡി.സി യുടെ നേതൃത്വത്തിൽ മുഴപ്പിലങ്ങാട് സ്റ്റാർ ഹോട്ടലിന്റെ പ്രവർത്തി അന്തിമ ഘട്ടത്തിലാണ്.<br><br>ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി 6 റിസോർട്ടുകൾ വിഭാവനം ചെയ്തിരുന്നു. ഇതിൽ 3 എണ്ണം പ്രവർത്തന സജ്ജമായി. ബാക്കിയുള്ള 3 റിസോർട്ട് പ്രൊജക്റ്റിൽ ഒരെണ്ണത്തിൽ പ്രവർത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. മറ്റ് രണ്ട് പ്രൊജക്റ്റുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. KTIL ന്റെ നേതൃത്വത്തിലും സ്വകാര്യ പങ്കാളിത്തത്തോടെ ഹോട്ടൽ സംരംഭങ്ങൾക്ക് സാഹചര്യമൊരുക്കുന്നു. കേരളത്തിലേക്ക് ടൂറിസം നിക്ഷേപം ആകർഷിക്കുന്നതിന് സംഘടിപ്പിച്ച ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഹോസ്പിറ്റാലിറ്റി മേഖലയുമായി ബന്ധപ്പെട്ട നിക്ഷേപ സാധ്യതകൾ ചർച്ച ചെയ്തിരുന്നു. TIM ൽ ധാരണാപത്രം ഒപ്പുവെച്ച ഹോസ്പിറ്റാലിറ്റി സംരംഭങ്ങൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ഹോട്ടലുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് വൻകിട ഗ്രൂപ്പുകൾ താൽപര്യം പ്രകടിപ്പിക്കുകയും ആരംഭിക്കുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ പ്രധാന വളർച്ചാ മേഖലയായി മാറിക്കൊണ്ടിരിക്കുന്ന 'മൈസ് ടൂറിസം' (മീറ്റിംഗ്, ഇൻസെന്റീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻ) പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തെ MICE ടൂറിസം ഡെസ്റ്റിനേഷൻ സെന്റർ ആക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ കേരള ടൂറിസം സ്വീകരിച്ചിട്ടുണ്ട്. G-20 ഷെർപ്പ സമ്മേളനത്തിന് കേരളത്തിലെ കുമരകം ആതിഥേയത്വം വഹിച്ചപ്പോൾ പ്രധാന ഉത്തരവാദിത്തം നിർവ്വഹിച്ചത് ടൂറിസം വകുപ്പാണ്. കൺവെൻഷൻ സെന്റർ ഉൾപ്പെടെ ഇതിന്റെ ഭാഗമായി കെ.ടി.ഡി.സി പണികഴിപ്പിച്ചു. G-20 സമ്മേളന പ്രതിനിധികൾക്ക് കേരളത്തിന്റെ ടൂറിസം-സാംസ്കാരിക പ്രവർത്തനങ്ങൾ പകർന്ന് നൽകാനായി. വലിയ അംഗീകാരമാണ് കുമരകത്തെ സംഘാടനത്തിനു ലഭിച്ചത്. ഈ നിലയിൽ കേരളം MICE ടൂറിസത്തിന് അനുയോജ്യമായ ഇടം ആണെന്ന് ലോകത്തെങ്ങും സന്ദേശമുയർത്താൻ ഇതിലൂടെ സാധിച്ചു. MICE ടൂറിസം വളർച്ചയ്ക്കായി പ്രത്യേക പദ്ധതി 2025-2026-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതൊടെപ്പം 2025ൽ MICE ടൂറിസം കോൺക്ലേവ് സംഘടിപ്പിക്കാനും വകുപ്പ് ആലോചിക്കുന്നു. MICE ടൂറിസത്തിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ വെഡിംഗും പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിന്റെ പ്രചാരണത്തിന്റെ ഭാഗമായി മൈക്രോസൈറ്റ് രൂപീകരിക്കുകയും വീഡിയോ പ്രചരണം നടത്തിയിട്ടുമുണ്ട്. പ്രസ്തുത മൈക്രോസൈറ്റിൽ നിരവധി ഹോട്ടലുകളും റിസോർട്ടുകളും രജിസ്റ്റർ ചെയ്യുകയും മൈസ് ടൂറിസത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.<br><br>പ്രശസ്ത ഇന്ത്യൻ അമേരിക്കൻ ഗായിക വിദ്യാവോക്സിന്റെ കേരളം പശ്ചാത്തലമാകുന്ന "ശുഭമാംഗല്യം" എന്ന വീഡിയോഗാനം പ്രചാരണത്തിനായി വകുപ്പ് ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരത്ത് ശംഖുമുഖം കടൽതീരത്തിനടുത്തായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വിവാഹങ്ങൾ, ജന്മദിനാഘോഷങ്ങൾ, മറ്റ് ആഘോഷങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കിയിട്ടുണ്ട്. നിരവധി വിവാഹ ആഘോഷങ്ങൾ ഇതിനോടകം നടത്തിയിട്ടുണ്ട്.<br><br>ബേക്കലിൽ "മൈസ് ടൂറിസം"-വളർച്ചയുടെ പാതയിലാണ്. 15 ഡിസംബർ 2024 ന് ഗേറ്റ് വേ ബേക്കലിന്റെ ഉദ്ഘാടനത്തോടുകൂടി ബേക്കലിൽ 271 |

| | | | |
|---|---|---|---|
| | | | പഞ്ചനക്ഷത്ര റൂമുകൾ സജ്ജമായിട്ടുണ്ട്. ഇത് ബേക്കലിൽ മൈസ് ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഊന്നലേകും. |
| (സി) | സംസ്ഥാനത്തെ പ്രധാന 'മൈസ്' ടൂറിസം സെന്ററുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് മൈസ് (MICE) ടൂറിസവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകളും, കോൺഫറൻസുകളും, മറ്റ് ഇവന്റുകളും പ്രധാനമായും സംഘടിപ്പിക്കുന്നത് കൊച്ചി, കുമരകം, തിരുവനന്തപുരം, കോവളം, ആലപ്പുഴ, തൃശ്ശൂർ, മൂന്നാർ, കോഴിക്കോട്, വയനാട് എന്നീ സ്ഥലങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ